## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3580 17.10.2011 -ൽ മറുപടിക്ക്**

### സ്വകാര്യമെഡിക്കൽ ലാബുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. എം.ചന്ദ്രൻ: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ അംഗീകാരമുള്ള എത്ര സ്വകാര്യ മെഡിക്കൽ ലാബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്; | (എ) | സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ ലാബുകളെ സർക്കാർതലത്തിൽ രജിസ്റ്റർ ചെയ്യുകയോ അംഗീകാരം നൽകുകയോ ചെയ്യുന്ന നടപടിക്രമം നിലവിലില്ല. എന്നാൽ ചില മെഡിക്കൽ ലാബുകളെ മെഡിക്കൽ റീ ഇംമ്പേഴ്സിനുവേണ്ടി അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവയുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് നിയന്ത്രണമുണ്ടോ; | (ബി) & (സി) | ഇവയുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് നിയന്ത്രണമില്ല. |
| (സി) | ഉണ്ടെങ്കിൽ എന്തൊക്കെയെന്നു വ്യക്തമാക്കാമോ; | | |
| (ഡി) | അശാസ്ത്രീയമായ പരിശോധനാഫലങ്ങൾ കാരണം രോഗികൾ വളരെ അധികം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സ്വകാര്യമെഡിക്കൽ ലാബുകളിലെ അശാസ്ത്രീയമായ പരിശോധന നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ലാബുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും യാതൊരു വിധ നിയമങ്ങളും ഇപ്പോൾ ഇല്ല. സംസ്ഥാനത്തെ സ്വകാര്യ ലാബുകളുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയെ ഉദ്ദേശിച്ചു കൊണ്ട് " ദി കേരളാ ക്ളിനിക്കൽ, റഗുലേഷൻ, അക്രഡിറ്റേഷൻ ബിൽ 2008 '' എന്ന പേരിൽ ഒരു ബില്ലിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ